LIBRARY ARCHIVES Kerala Legislative Assembly

ശബരിമല വികസനത്തിനായി വനഭൂമി

186 (2216) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല വികസനത്തിനായി വനഭൂമി വിട്ടു നൽകുന്നതിന് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിലാണ് വികസനം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വംബോർഡിന് കഴിഞ്ഞ പല കാലഘട്ടങ്ങളിലായി കൈമാറിയിട്ടുള്ള 49.471 ഹെക്ടർ വനഭൂമി കൂടാതെ 2005 വർഷത്തിൽ ശബരിമല വികസനത്തിനായി നിലയ്ക്കലിൽ 110.524 ഹെക്ടർ (60.14 + 50.384 ഹെക്ടർ) ഭൂമി കേന്ദ്ര സർക്കാരിന്റെ 7-6-2005-ലെ F.No. 8-30/05-FC (60.14)-ഉം 21-9-2005-ലെ No.8-30/05- FC (50.384) പ്രകാരവും പെരിയാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ 12.675 ഹെക്ടർ വനഭൂമി കേന്ദ്ര സർക്കാരിന്റെ 24-10-2005-ലെ F.No.8- 70/05- FC നമ്പർ പ്രകാരവും കേന്ദ്ര സർക്കാർ ചില നിബന്ധനകളോടെ അംഗീകാരം നൽകിയിട്ടുണ്ട്.

ഇക്കോ-ടൂറിസം രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ

187 (2217) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലങ്കോട് മണ്ഡലത്തിലെ പറമ്പിക്കുളം, നെല്ലിയാമ്പതി വനമേഖലകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഇക്കോ-ടൂറിസം രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ;

(സി) ടൂറിസം രംഗത്ത് പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലങ്കോട് മണ്ഡലത്തിലെ പറമ്പിക്കുളം, നെല്ലിയാമ്പതി വനമേഖലകളിൽ പ്രധാനമായും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1 പറമ്പിക്കുളം : പറമ്പിക്കുളം വന്യജീവി സങ്കേതം കടുവാ സങ്കേതമായി പ്രഖ്യാപിച്ചു. ഇതിൽ 390.81 ച.കി.മീറ്റർ കോർ ഏരിയ ആയും 252.72 ച.കി.

മീറ്റർ ബഫർ ഏരിയ ആയും പ്രഖ്യാപിച്ചിട്ടുണ്ട്. ആദിവാസി ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി വനവികസന ഏജൻസിവഴി 200-ഓളം തദ്ദേശിയരായ വനാശ്രിതർക്ക് ദിവസവേതനാടിസ്ഥാനത്തിൽ തൊഴിൽ നൽകിയിട്ടുണ്ട്. ഇതുകൂടാതെ സുങ്കം ഭാഗത്ത് ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേകമായി 73 ലക്ഷം രൂപ ചെലവഴിച്ച് ഒരു ട്രൈബൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലുപരിയായി വിവിധയിനം ഫോറസ്ട്രി ജോലികളിലും, എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലും ഉൾപ്പെടുത്തി തദ്ദേശീയരായ ആദിവാസികൾക്ക് മികച്ച രീതിയിൽ തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. വിവിധ ഫോറസ്ട്രി ജോലികൾക്കായി ട്രക്ക് പാത്ത് നിർമ്മാണം, കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ, ആന്റി പോച്ചിങ് ക്യാമ്പുകൾ, വയൽ മെയിന്റൻസ് തുടങ്ങിയ വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുകവഴി മുൻകാലങ്ങളെ അപേക്ഷിച്ച് വനം കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി എൻ.ആർ.എച്ച്.എം. പ്രവർത്തനങ്ങൾ പറമ്പിക്കുളം വനവികസന ഏജൻസി ഏറ്റെടുത്ത് നടത്തി വരുന്നു.

2. നെല്ലിയാമ്പതി : നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിപ്രകാരം 5.52 കി. മീ. നീളത്തിൽ പെരിയചോല-തേക്കടി റോഡ് നിർമ്മിച്ചു. അയ്യപ്പൻതിട്ട്-ചെറുനെല്ലി വനമേഖലകളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 2 ഫോറസ്റ്റ് ഫയർ വാച്ച് ടവറുകൾ നിർമ്മിച്ചു. പദ്ധതിവിഹിതത്തിലുള്ള തുക ഉപയോഗിച്ച് കൈകാട്ടിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിച്ചുവരുന്നു. XII-ാമത് ഫിനാൻസ് കമ്മീഷനുകീഴിൽ നെല്ലിയാമ്പതിയിൽ കേശവൻപാറ റോഡ്-മെറ്റലിങ് ജോലി നടത്തി. 2006-07 മുതൽ 2009-10 വരെ എൻ.എ.പി. പദ്ധതിപ്രകാരം താഴെ പറയുന്ന പ്ലാന്റേഷനുകൾ വച്ചുപിടിപ്പിച്ചു:

1. എ.എൻ.ആർ.പ്ലാന്റേഷൻ - 131.492 ഹെക്ടർ
2. മുളം തോട്ടം - 38 ഹെക്ടർ
3. ചൂരൽ തോട്ടം - 10 ഹെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കോ-ടൂറിസം രംഗത്ത് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

പറമ്പിക്കുളത്ത് വിനോദസഞ്ചാരികളുടെ തമാസത്തിനായി ടെന്റ്ഡ്-നിഷ് പാക്കേജ്, ഹണികോമ്പ് പാക്കേജ്, വീട്ടിക്കുന്ന് ഐലന്റ്, ട്രീ ടോപ്പ് ഹട്ടുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പകൽസമയം സന്ദർശകർക്കായി പറമ്പിക്കുളം വെഹിക്കിൾ സഫാരി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പറമ്പിക്കുളം ധാരാകുടിവെള്ള പദ്ധതി, പേപ്പർ ബാഗ് യൂണിറ്റ്, പ്ലാസ്റ്റിക് റിഡക്ഷൻ യൂണിറ്റ്, ഇക്കോ ഷോപ്പുകൾ, വൈൽഡ് ലൈഫ് ഫോട്ടോഗാലറി, ട്രൈബൽ ഹെറിറ്റേജ് സെന്റർ, റഫറൻസ് ലൈബ്രറി, നേച്ചർ സ്റ്റഡി സെന്റർ, ഓറിയന്റേഷൻ സെന്റർ ഇന്റർപ്രിട്ടേഷൻ സെന്റർ ഓർഗാനിക് ഫാമിങ് എന്നിവ ഇക്കോടൂറിസം പദ്ധതികളുടെ ഭാഗമായി പറമ്പിക്കുളം കടുവാ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. നെല്ലിയാമ്പതി മേഖലയിൽ ഇക്കോ ടൂറിസം രംഗത്ത് പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(സി) പറമ്പിക്കുളം വന്യജീവി ഡിവിഷന്റെ അധികാരപരിധിയിലുള്ള പൊള്ളാച്ചിയിലെ വൈൽഡ് ലൈഫ് ടൂറിസം ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി കേരളത്തിലേക്കുള്ള വനംവകുപ്പിന്റെ കവാടമായി രൂപകല്പന ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

കണ്ടൽച്ചെടികൾ നശിപ്പിക്കപ്പെട്ടാലുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതം

188 (2218) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 2010 വർഷം എവിടെയൊക്കെ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചു ; എത്ര കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചു ;

(ബി) കണ്ടൽകാടുകൾ വെട്ടിനശിപ്പിച്ചതിന്റെ പേരിൽ കഴിഞ്ഞ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) കടലോരങ്ങൾ കേന്ദ്രീകരിച്ച് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കാനുള്ള സംരംഭം ആരംഭിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly